# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ : ശ്രീ. വി.ആർ. ജോഷി)

വിഷയം :- പി.സ.വി.വ - ജീവനക്കാര്യം - ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ശ്രീ. റോഫിൻ.കെ.ആർ -ന് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) സ.ഉ (കൈ) നമ്പർ. 01/2016/പി.സ.വി.വ തീയതി 04.03.2016
2) സ.ഉ(കൈ) നമ്പർ. 03/2016/പി.സ.വി.വ തീയതി: 04.03.2016
3) ഈ ഓഫീസിലെ 15.03.2016-ലെ ഇതേ നമ്പർ നടപടി ഉത്തരവ്.
4) ഈ ഓഫീസിലെ 15.03.2016-ലെ BCDD/A1/1080/16(2) നമ്പർ നടപടി ഉത്തരവ്.

........................................................................................................................................

ഉത്തരവ് നമ്പർ : **BCDD/A1/1080/16** തീയതി: **20/05/ 2016**

........................................................................................................................................

പിന്നാക്ക സമുദായ വികസന വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന, പട്ടികജാതി വികസന വകുപ്പിലെ 13 ജീവനക്കാരെ വകുപ്പിലെ സ്ഥിരം ജീവനക്കാരായി അബ്സോർബ് ചെയ്ത് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അബ്സോർബ് ചെയ്യപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ് പരാമർശം 3 പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വകുപ്പിന് പുതുതായി 6 തസ്തികകൾ കൂടി സൃഷ്ടിച്ചുകൊണ്ട് പരാമർശം 2 പ്രകാരവും ഉത്തരവായിട്ടുണ്ട്.

പുതുതായി അനുവദിക്കപ്പെട്ട 6 തസ്തികകളിൽ ക്ലാർക്കുമാരുടെ 3 തസ്തികകൾ ഉൾപ്പെടെ വകുപ്പിൽ ആകെ 10 ക്ലാർക്ക് തസ്തികകളാണ് നിലവിലുള്ളത്. അനുവദിക്കപ്പെട്ട തസ്തികകളിൽ ക്ലാർക്ക്, സീനിയർ ക്ലാർക്ക് അനുപാതം 1:1 ആയിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. നിലവിൽ ഒഴിവുള്ള തസ്തികയിൽ പ്രൊമോഷൻ ലഭിക്കുന്നതിന് അർഹത നേടിയ ഒരു ഉദ്യോഗസ്ഥൻ എറണാകുളം മേഖലാ ആഫീസിലെ ശ്രീ. റോഫിൻ.കെ.ആർ ആണ്. എറണാകുളം മേഖലാ ആഫീസിലെ ക്ലാർക്കായ ശ്രീ.റോഫിൻ കെ.ആർ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തീകരിച്ചതിനാലും, വകുപ്പുതല പരീക്ഷ പാസ്സായതിന്റെ അടിസ്ഥാനത്തിലും ടിയാന് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പിന്നാക്ക സമുദായ വികസന വകുപ്പു ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി. ഷബിന.എസ്-ന് ജൂനിയർ സൂപ്രണ്ടായി പരാമർശം (4) പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പിന്നാക്ക സമുദായ വികസന വകുപ്പ്

ഡയറക്ടറേറ്റിലെ 2 സീനിയർ ക്ലാർക്ക് തസ്തികകളിൽ ഒരെണ്ണം ക്ലാർക്ക് തസ്തികയായി താഴ്ത്തിക്കൊണ്ടും, എറണാകുളം മേഖലാ ആഫീസിലെ നിലവിലുള്ള ക്ലാർക്ക് തസ്തിക സീനിയർ ക്ലാർക്ക് തസ്തികയായി ഉയർത്തിക്കൊണ്ടും ടി തസ്തികയിൽ ശ്രീ. റോഫിൻ.കെ.ആർ-നെ നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| *പേരും നിലവിലെ തസ്തികയും ശമ്പള സ്കെയിലും* | *സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും ശമ്പളസ്കെയിലും* | *പ്രാബല്യ തീയതി* | *റിമാർക്സ്* |
|---|---|---|---|
| ശ്രീ. റോഫിൻ കെ.ആർ ക്ലാർക്ക് (19000 - 43600) എറണാകുളം മേഖലാ ആഫീസ് | സീനിയർ ക്ലാർക്ക് 25200 - 54000 | 16.03.2016 (പൂർവാഹ്നം) | എറണാകുളം മേഖലാ ആഫീസിൽ ഉയർത്തപ്പെട്ട തസ്തികയിൽ തുടരുവാൻ അനുവദിക്കുന്നു. |

ഡയറക്ടർ

ശ്രീ. റോഫിൻ. കെ.ആർ

പകർപ്പ് :

1. അഡീഷണൽ ചീഫ് സെക്രട്ടറി, പി.സ.വി.വ (ഉപരിപത്രം സഹിതം)
2. അക്കൗണ്ടന്റ് ജനറൽ *(A&E)* (ഉപരിപത്രം സഹിതം)
3. ഡെപ്യൂട്ടി ഡയറക്ടർ, മേഖലാ ഓഫീസ്, എറണാകുളം, കോഴിക്കോട്.
4. ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം.
5. സേവന പുസ്തകത്തിലേയ്ക്ക്
6. സ്റ്റോക്ക് ഫയൽ/സ്പെയർ.